**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **24-02-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷന്റെ കീഴിലുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളായ ചിറക്കടവ്, മണിമല, വെള്ളാവൂർ, പള്ളിക്കത്തോട്, വാഴൂർ, നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ എന്നിവിടങ്ങളിൽ കുടി വെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജലജീവൻ പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ചിറക്കടവ് പഞ്ചായത്തിൽ രണ്ട് പാക്കേജുകളായി പ്രവൃത്തി പുരോഗമിച്ച് വരുന്നു. മണിമല പഞ്ചായത്തിന്റെ ആദ്യ ഘട്ടത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. മൂന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. വെള്ളാവൂർ പഞ്ചായത്തിൽ രണ്ട് പാക്കേജുകൾ ആയാണ് പ്രവൃത്തി നടക്കുന്നത്. രണ്ടാം പാക്കേജ് പ്രവൃത്തികൾക്ക് കരാറുകാർ പങ്കെടുക്കാത്തതിനാൽ സാങ്കേതിക അനുമതി റദ്ദാക്കി. ഡി. എസ്. ആർ 2018 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അധികരിച്ച തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പള്ളിക്കത്തോട് പഞ്ചായത്തിൽ മൂന്ന് പാക്കേജുകളിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഒന്നാം പാക്കേജ് പ്രവൃത്തി പുരോഗമിച്ച് വരുന്നു. രണ്ടും മൂന്നും പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകി. വാഴൂർ പഞ്ചായത്തിൽ മൂന്ന് പാക്കേജുകളായാണ് പ്രവൃത്തി നടക്കുന്നത്. ഒന്നാം പാക്കേജിന്റെയും രണ്ടാം പാക്കേജിന്റെയും പണികൾ പുരോഗമിച്ച് വരുന്നു. മൂന്നാം പാക്കേജിന്റെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്കാവശ്യമായ ജലശുദ്ധീകരണശാലയും വാട്ടർ ടാങ്കുകളും സ്ഥാപിക്കേണ്ട സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തു നൽകിയാൽ മാത്രമേ പ്രവൃത്തികൾ പുരോഗമിക്കുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തു |

| | | | |
|---|---|---|---|
| | | | തലത്തിൽ ഇതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പള്ളിക്കത്തോട്, ചിറക്കടവ്, വെള്ളാവൂർ, കാഞ്ഞിരപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ശേഷിക്കുന്ന 21790 കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്കു ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കങ്ങഴ പഞ്ചായത്തിൽ നിലവിൽ പൂർത്തീകരിച്ച ജലനിധി പദ്ധതികളിൽ നിന്നും 77 FHTC കൾക്ക് അനുമതി നൽകിയതിൽ 30 FHTC കൾ പൂർത്തീകരിച്ചു. ബാക്കി FHTC കൾ, പദ്ധതികളുടെ പുനരുദ്ധാരണം പൂർത്തീകരിക്കുന്നതോടൊപ്പം നൽകുവാൻ കഴിയും. ഇതിനു പുറമെ കങ്ങഴ പഞ്ചായത്തിൽ 453 FHTC യും വാഴൂർ പഞ്ചായത്തിൽ 625 FHTC കൾക്കുമുള്ള പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതിയിൽ ലക്ഷ്യമിട്ട കണക്ഷന്റെ എണ്ണം, ഇതുവരെ നൽകിയ കണക്ഷനുകൾ, നൽകാൻ ബാക്കിയുള്ള കണക്ഷനുകൾ, ഇവ എന്നത്തേക്ക് നൽകാനാകും തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഈ സാമ്പത്തിക വർഷം തന്നെ ശേഷിക്കുന്ന എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകി 2024 ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനു-കളുടെ എണ്ണം | 5th SLSSC യിൽ അംഗീകാരം ലഭിച്ച ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുന്ന കണക്ഷനുകളുടെ എണ്ണം | ആകെ ലക്ഷ്യമിട്ട കണക്ഷനുകളുടെ എണ്ണം | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (18.02.2022 വരെ) | നൽകാൻ ബാക്കിയുള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കാഞ്ഞിരപ്പള്ളി | 1000 | 8288 | 9288 | 690 | 8598 |
| 2 | മണിമല | 5550 | 0 | 5550 | 1111 | 4439 |
| 3 | പള്ളിക്കത്തോട് | 2650 | 3346 | 5996 | 188 | 5808 |
| 4 | ചിറക്കടവ് | 2600 | 6000 | 8600 | 747 | 7853 |
| 5 | കങ്ങഴ | 6295 | 453 | 6748 | 269 | 6479 |
| 6 | കറുകച്ചാൽ | 7421 | 0 | 7421 | 271 | 7150 |
| 7 | നെടുംകുന്നം | 6724 | 0 | 6724 | 378 | 6346 |
| 8 | വാഴൂർ | 3800 | 4164 | 7964 | 572 | 7392 |
| 9 | വെള്ളാവൂർ | 3500 | 617 | 4117 | 397 | 3720 |
| **ആകെ** | | **39540** | **22868** | **62408** | **4623** | **57785** |